"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-മാവൂർ ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ലേലം-ഡെപ്പോസിറ്റ് തുക ലേലക്കാരിൽ നിന്നും ഗഡുക്കളായി സ്വീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3102/2022/LSGD തീയതി,തിരുവനന്തപുരം, 14-12-2022

പരാമർശം:- 1. 02.11.2022-ൽ മാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ച നിവേദനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 31.08.2022-ലെ PAN/13848/2020-C5(DP) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ 19/07/2017 ന് ലേലം നടത്തുകയുണ്ടായെന്നും മുഴുവൻ മുറികളും ലേലം കൊള്ളുകയുണ്ടായി എങ്കിലും കോവിഡ് 19 മഹാമാരി, നിപ്പ, പ്രളയം, നോട്ട് നിരോധനം എന്നിവ മൂലം ലേല നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ ഡെപ്പോസിറ്റ് തുകയിൽ ഇളവ് അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം മാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ലേലം കൊണ്ടവർക്ക് 50 % കുറച്ച കൊടുക്കുക എന്നുള്ളത് നിലവിലുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമാണെന്നും ലേലം കൊണ്ട തുകയിൽ കുറവ് നൽകിയാൽ പ്രസ്തുത ലേലത്തിൽ പങ്കെടുക്കുകയും കെട്ടിട മുറി ലേലം കൊള്ളാൻ കഴിയാതെയും വന്നവരുടെ ഭാഗത്തു നിന്നും പരാതിക്കിട നൽകുന്നതുമാണ് എന്നും എങ്കിലും ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലേലക്കാർക്ക് നൽകി വാടക ഇനത്തിൽ വരുമാനം കിട്ടിയാൽ മാത്രമേ വായ്പാ തുക തിരിച്ച് അടയ്ക്കാൻ സാധിക്കുകയുള്ളുവെന്നും അല്ലെങ്കിൽ കൂടുതൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പരിഗണിച്ച്, മാവൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഡെപ്പോസിറ്റ് തുക ഗഡുക്കളായി അടച്ചുതീർക്കുന്നതിന് ലേലക്കാർക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കിയാൽ മാത്രമേ കഴിയുകയുള്ളു എന്നും അല്ലാത്തപക്ഷം നിലവിലെ പ്രതിസന്ധി തുടരുമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാവൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിലെ ആകെയുള്ള 25 മുറികൾ 19.07.2017-ന് ലേലം ചെയ്തു നൽകിയെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയായിട്ടുള്ളത് 16.05.2019-ലാണെന്നും പ്രളയം, നിപ്പ, കോവിഡ്-19 തുടങ്ങിയ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ട് എന്നും

PTO

നിലവിൽ പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തന രഹിതമായി തുടരുന്നത് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതും പരിഗണിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ പ്രകാരം ഡെപ്പോസിറ്റ് തുക ലേലം കൊണ്ടവരിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കുന്നതിന് (പരമാവധി 12 മാസം വരെ സമയം) മാവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVAN A P

ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രസിഡന്റ്, മാവൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് ജില്ല.

സെക്രട്ടറി, മാവൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/336/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 14-12-2022 11:54:54**

സെക്ഷൻ ഓഫീസർ